ടി ശമ്പള പരിഷ്ക്കരണത്തിലെ വ്യവസ്ഥകൾ എല്ലാംതന്നെ സഹകരണ വകുപ്പിലെ ജീവനക്കാർക്ക് ബാധകവും അവരുടെ സേവനവേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് സഹായകവുമാണ്. സഹകരണ വകുപ്പിലെ ജീവനക്കാരുടെ മാത്രം സേവനവ്യവസ്ഥകൾ മെച്ചമാക്കുന്നതിന് പ്രത്യേകം നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) സഹകരണ സംഘങ്ങളിൽ ജോലി ചെയ്യുന്ന കളക്ഷൻ ഏജന്റുമാരെ കമ്മീഷൻ വ്യവസ്ഥകളിൽ അതാത് ബാങ്ക് ആണ് നിയമിക്കുന്നത്. ടി തസ്തിക ഒരു പ്രത്യേക സ്ഥിരം തസ്തികയായി ബാങ്കുകളുടെ ഫീഡർ കാറ്റഗറി ഉപനിബന്ധനകളിൽ അംഗീകരിച്ചു നൽകിയിട്ടില്ല. കൂടാതെ ഡെപ്പോസിറ്റ് കളക്ടർമാരുടെ നിയമനം സഹകരണചട്ടം 188-ന്റെ അനുബന്ധത്തിൽ പ്രതിപാദിക്കുന്ന സഹകരണസംഘങ്ങളിലെ ഇതര തസ്തികകളുടെ നിയമന രീതിയിൽനിന്നും തികച്ചും വ്യത്യസ്തമാണ്. ആയതിനാൽ കളക്ഷൻ ഏജന്റുമാരെ സംഘങ്ങളുടെ ഫീഡർ കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി കമ്മീഷൻ നിരക്ക് വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. നീതിസ്റ്റോറിലെ വിൽപ്പനയുടെ 1 ശതമാനം കമ്മീഷൻ വ്യവസ്ഥയിൽ നീതി സ്റ്റോറിൽ ജീവനക്കാരെ നിയമിക്കാനാണ് നിർദ്ദേശം നൽകിയിരുന്നത്. കമ്മീഷൻ ഉയർത്തണമെന്ന ആവശ്യം ഉയർന്നപ്പോൾ കൂടുതൽ വിൽപ്പന ഉള്ള നീതിസ്റ്റോറിൽ വിൽപ്പനയുടെ 2 ശതമാനം കമ്മീഷൻ നൽകാൻ നിർദ്ദേശം നൽകിയിരുന്നു. ഏറ്റവും ഒടുവിൽ ആയി നീതി സ്റ്റോർ നടത്തുന്ന സംഘങ്ങൾക്ക് കൺസ്യൂമർ ഫെഡറേഷൻ നൽകുന്ന വിൽപ്പനയുടെ 4 ശതമാനം കമ്മീഷൻ അതാതു സംഘം ഭരണസമിതിയുടെ യുക്തം പോലെ വിനിയോഗിക്കുന്നതിന് നീതി സ്റ്റോറുകളുടെ നടത്തിപ്പ് സംബന്ധിച്ച് സംസ്ഥാനതല കമ്മിറ്റിയുടെ തീരുമാനപ്രകാരം സഹകരണ രജിസ്ട്രാർ അനുമതി നൽകി. ടി നിർദ്ദേശത്തിന് വിധേയമായി നീതി സ്റ്റോറുകളിലെ സെയിൽസ്മാരുടെ കമ്മീഷൻ അതാത് സംഘം ഭരണസമിതിക്ക് നിശ്ചയിക്കാവുന്നതാണ്. ഇതു സംബന്ധിച്ച് രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

വിറ്റഴിക്കാത്ത കൊപ്ര

116 (1268) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ ആരംഭിച്ച കൊപ്ര വിറ്റഴിക്കാതെ കെട്ടിക്കിടപ്പുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ടൺ കൊപ്ര കെട്ടികിടപ്പുണ്ട് ;

(സി) ഇപ്രകാരം സംഘങ്ങൾ സംഭരിച്ച കൊപ്ര കെട്ടികിടക്കുവാനുള്ള കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1985.9 മെട്രിക് ടൺ

(സി) ഗോഡൗണുകളിലെ സ്ഥല ദൗർലഭ്യമാണ് കാരണം.

LIBRARY ARCHIVES Kerala Legislative Assembly